# ജനാധികാരത്തിന്റെ സാധ്യതകൾ

**രാഷ്ട്രീയം ഒഴിഞ്ഞുപോയ ഒരു തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തുന്ന ഒരു ഭരണകൂടത്തിന്റെ വ്യവഹാരങ്ങളിൽ രാഷ്ട്രീയമുണ്ടാകുന്നത് എങ്ങനെയാണ്? അരാഷ്ട്രീയവും ജനവിരുദ്ധവുമായ ഭരണം ഏത് മുന്നണിവന്നാലും സംജാതമാകാൻ സാധ്യതയുള്ളതിനാൽ രാഷ്ട്രീയബോധമുള്ള പൗരസമൂഹം വരും നാളുകളിൽ പരിഗണിക്കപ്പെടേണ്ട സാമൂഹിക അജണ്ടകൾ പൊതുസമൂഹത്തിനും ഭരണകൂടത്തിനും മുന്നിൽ വയ്ക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഒരു ശ്രമം നടത്തുകയാണ് ഇവിടെ. ജനാധികാരത്തിന്റെ സാധ്യതകളുമായി കേരളീയം തെരഞ്ഞെടുപ്പ് ചർച്ച തുടരുന്നു.**

**ജനങ്ങളുടെ അഭിപ്രായങ്ങൾ മനസിലാക്കാനുള്ള ബുദ്ധി ഭരണകർത്താക്കൾക്ക് ഉണ്ടാകുന്നില്ല എന്നതാണ് പ്രധാനപ്രശ്നമെന്ന് കാര്യാടൻ**

## ഇത് തെരഞ്ഞെടുപ്പല്ല, തിരസ്കരണം

**ഇന്ത്യൻ** സമ്മതിദായകർ പ്രബുദ്ധരാണെന്നു ഞാൻ അടിയുറച്ചു വിശ്വസിക്കുന്നു. ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ വിവിധ സംഭവങ്ങൾ ഇങ്ങനെ ഒരു വിശ്വാസത്തിന് യുക്തിഭദ്രത തരുന്നു. കേരളത്തിലെ വിവിധമുന്നണികളെ മാറി മാറി തിരഞ്ഞെടുക്കുകയല്ല അവർ ചെയ്യുന്നത്. മാറി മാറി നിരാകരിക്കുകയാണ്.

വികസനത്തെക്കുറിച്ചും, വിദ്യഭ്യാസത്തെക്കുറിച്ചും വ്യക്തമായ അഭിപ്രായങ്ങൾ ഭരണകർത്താക്കൾ കഴുതയെന്നു വിളിക്കാനിഷ്ടപ്പെടുന്ന പൊതുജനങ്ങൾക്കുണ്ട്. അത് മനസ്സിലാക്കാനുള്ള ബുദ്ധിവികാസമുള്ള ഭരണകർത്താക്കൾ ഉണ്ടാകുന്നില്ല എന്നാണ് സത്യം. അടുത്ത തമ്പുരാക്കന്മാരിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നത്.

**1.** എൻഡോസൾഫാൻ നിരോധിച്ചത് കേന്ദ്രനയം കാരണമെന്ന് ഉമ്മൻചാണ്ടി. പൊതുജനം ഈ പറഞ്ഞത് വിശ്വസിക്കുമെന്ന് കരുതുന്ന ചാണ്ടി എത്ര മണ്ടൻ. പൊതുജനത്തെ മണ്ടന്മാരാക്കുന്ന ഇത്തരം പ്രസ്താവനകൾ ഒഴിവാക്കണം.

**2.** അറബിനാട്ടിൽ പെട്രോളിന് വിലകൂടി. ഇന്ത്യയിൽ വിലകൂട്ടുന്നതിനു അച്ചുതാനന്ദന്റെയും സംഘത്തിന്റെയും എതിർപ്പ് മനസ്സിലാവും. പക്ഷെ വിലകൂടുമ്പോൾ സംസ്ഥാനത്തിന് കിട്ടുന്ന അധിക നികുതി വേണ്ടെന്നുവേക്കാൻ ഇവർ എന്തുകൊണ്ട് എതിർക്കുന്നവർ തയ്യാറാകുന്നില്ല. എന്തുകൊണ്ട് ആ രീതിയിൽ സമരം ചെയ്യുന്നില്ല? കാപട്യം പൊതുജനത്തിന് മനസ്സിലാവില്ലെന്നാണോ ഇടതുപക്ഷം വിചാരിക്കുന്നത്? ഇത്തരം തട്ടിപ്പുകൾ ഒഴിവാക്കണം.

**3.** ബന്ദുകളെന്നും ഹർത്താലെന്നും വിളിച്ചു നടത്തുന്ന ശക്തിപ്രകടനം തികഞ്ഞ രാജ്യദ്രോഹമാകുന്നു. വിനോദത്തിനും മറ്റു കാര്യങ്ങൾക്കും കേരളത്തിലെത്തുന്നവരെ പീഡിപ്പിക്കുന്ന ഈ ഏർപ്പാട് നിർത്തണം.

**4.** ഏറ്റവും വലിയ നിയമനിഷേധകർ പോലീസും മറ്റു ഉദ്യോഗസ്ഥരുമാണ്. അവരെ നിയമം പഠിപ്പിക്കലും പൊതുജന ദാസരാക്കലും ഒരു ദീർഘകാല അഭ്യാസമാണ്. അതിനു വേണ്ട നടപടികൾ തുടങ്ങിവെക്കണം.